കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ഒക്ടോബർ 27 ശനി

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## രണ്ടായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്യും: ജില്ലാ വികസന സമിതി

ജില്ലയിൽ നവംബർ മാസത്തിൽ നടത്തുവാനുദ്ദേശി ക്കുന്ന പട്ടയമേളയിൽ രണ്ടായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനമായി. 1964ലെ കേരളാ ഭൂമി പതിവ് ചട്ടപ്രകാരമുള്ള 917 പട്ടയങ്ങൾ, 432 എൽ.ടി പട്ടയങ്ങൾ, 131 ദേവസ്വം പട്ടയങ്ങൾ, 100 മിച്ചഭൂമി പട്ടയങ്ങൾ ഉൾപ്പെടെ ആകെ 1610 പട്ടയങ്ങൾ നിലവിൽ വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. അർഹരായ എല്ലാവർക്കും പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആർഡിഒ,തഹസിൽദാർമാർ തുടങ്ങിയവർക്ക് വികസന സമിതി അധ്യക്ഷൻകൂടിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത്ബാബു നിർദേശം നൽകി. കെ.എസ്.ആർ.ടി.സിയുമായി ബന്ധപ്പെട്ട് ജില്ലയിലെ യാത്രാപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി നവംബർ രണ്ടാംവാരം മേഖലയോഗം ചേരുവാൻ ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തി.

ജില്ലയിലെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ച പരസ്യബോർഡുകളും ഫ്ളക്സുകളും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തുതുടങ്ങി. ഈ മാസം 30നകം എല്ലാ അനധികൃതബോർഡുകളും നീക്കം ചെയ്യാൻ വികസന സമിതി നിർദേശിച്ചു.

മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുളിക്കാൽ വി.സി.ബി കം ബ്രിഡ്ജിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് പുതിയപാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) അധികൃതർക്ക് എൻ.ഒ.സി ലഭ്യമാക്കുന്നതിനാവശ്യമായ റിപ്പോർട്ട് അഞ്ചുദിവസത്തിനകം പ്ലാനിംഗ് ഓഫീസിൽ നൽകണം. ചട്ടഞ്ചാൽ ദേശീയപാത 66-ന്റെ സൈഡിൽ സ്ഥലം കൈയ്യേറി നിർമ്മിച്ച താൽക്കാലിക ഷെഡ്ഡ് പൊളിച്ചു നീക്കാനും വികസന സമിതി നിർദേശിച്ചു.

കാലവർഷത്തിൽ തകർന്ന മുളിയാർ ഗ്രാമപഞ്ചായത്തിലെ ബാവിക്കര ജി.എൽ.പി. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതുവരെ പകരം സംവിധാനം ഏർപ്പെടുത്തുവാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് നിർദേശിച്ചു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 33 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. വീരമലക്കുന്ന് ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതിന് വനസംരക്ഷണ സമിതി രൂപീകരിച്ചതായും ഈ ഭാഗത്തെ വനസംരക്ഷണത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായുള്ള മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതുണ്ടെന്നും ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായും മൈക്രോ പ്ലാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അംഗീകാരം വാങ്ങി പ്രവർത്തനങ്ങൾക്ക് പ്രൊപ്പോസൽ വാങ്ങാൻ സാധിക്കുമെന്നും ഇതിനായി ഒരു മാസത്തെ സമയം ആവശ്യമാണെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തു. വീരമലക്കുന്ന് ടൂറിസം പദ്ധതിക്കുവേണ്ടി റവന്യൂഭൂമി ടൂറിസം ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിലേക്കായി ശുപാർശ തയ്യാറാക്കി കാഞ്ഞങ്ങാട് സബ് കളക്ടർ മുഖാന്തിരം ജില്ലാ കളക്ടർക്ക് സമർപ്പിക്കുമെന്ന് ഹോസ്ദുർഗ് തഹസീൽദാർ അറിയിച്ചു.

(തുടരും)

മാടക്കാലിലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് ജിഇഎമ്മിൽ രജിസ്റ്റർ ചെയ്ത് ബോട്ട് വാങ്ങുന്നതിന് കുസാറ്റിൽ നിന്നും ബോട്ടിന്റെ സ്കെച്ചും ഡിസൈനും ലഭ്യമായിട്ടുണ്ട്. പകർപ്പ് എം.എൽ.എയ്ക്ക് നൽകിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റ് അയച്ചു തരുന്നതിന് കൊച്ചിൻ യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർക്ക് കത്ത് നൽകിയതായും ഇത് ലഭ്യമാകുന്ന മുറയ്ക്ക് ജിഇഎമ്മിൽ രജിസ്റ്റർ ചെയ്ത് ബോട്ട് വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നും എ.ഡി.സി.(ജനറൽ) റിപ്പോർട്ട് ചെയ്തു. കെഎസ്ഇബി പോസ്റ്റുകളിൽ പരസ്യം സ്ഥാപിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കും.

കളക്ടറേറ്റിൽ ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിന് തീരുമാനിച്ചതായി വികസന സമിതിയിൽ ജില്ലാ കളക്ടർ അറിയിച്ചു. കാസർകോട് വികസന പാക്കേജ് 2022 പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കും. രാത്രിയിൽ കാസർകോട് നഗരത്തിൽ ജനങ്ങൾക്ക് ഒത്തുകൂടുന്നതിന് തിരുവനന്തപുരം മാനവീയം വീഥി, കോഴിക്കോട് എസ്എം സ്ട്രീറ്റ് മാതൃകയിൽ പദ്ധതി ആവിഷ്ക്കരിക്കും. തളങ്കര റോഡിലെ കൈയേറ്റം പൊളിച്ചുമാറ്റിയ സ്ഥിതിക്ക് റോഡ് അടിയന്തരമായി വികസിപ്പിക്കും. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള മധുരം പ്രഭാതം പദ്ധതി ഉടൻ പ്രാവർത്തികമാക്കും. 60 ആദിവാസി കുട്ടികൾക്ക് ഗദ്ദിക 2018-ന്റെ ഭാഗമായി രണ്ടുദിവസം പള്ളിക്കര ബീച്ചിൽ കടലിനെ അറിയുന്നതിന് സൗകര്യമൊരുക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിലെ പാത്വാടി തടയണയും നടപ്പാലവും തകർച്ചയുടെ വക്കിലാണെന്നും തടയാനുള്ള നടപടികളെടുക്കണമെ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

മഞ്ചേശ്വരം എംഎൽഎ പി.ബി അബ്ദുൾ റസാഖിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയാണ് ജില്ലാ വികസന സമിതി ആരംഭിച്ചത്.

ജില്ലയിൽ നിന്ന് സംസ്ഥാന അവാർഡുകൾക്ക് അർഹരായ കർഷകർക്കും കൃഷി ഓഫീസർമാർക്കും കാഷ് അവാർഡുകൾ യോഗത്തിൽ വിതരണം ചെയ്തു. എംഎൽഎമാരായ കെ.കുഞ്ഞിരാമൻ, എൻ.എ.നെല്ലിക്കുന്ന്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, കാസർകോട് ആർഡിഒ:അബ്ദു സമദ്, ഡെപ്യൂട്ടി കളക്ടർ രാമചന്ദ്രൻ, തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

## ഉദുമ ടെക്സ്റ്റെയിൽ മിൽസ്

## പ്രവർത്തനോദ്ഘാടനം നാളെ

ഉദുമ ടെക്സ്റ്റെയിൽ മിൽസിന്റെ പ്രവർത്തനോദ്ഘാടനം നാളെ(29) നടക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് മൈലാട്ടിയിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ നിർവഹിക്കും. റവന്യൂവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ അധ്യക്ഷനാകും. പി.കരുണാകരൻ എം.പി മുഖ്യാതിഥിയാകും. എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശസ്വയംഭരണ അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുക്കും.

## വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട്

## ഓഫീസ് ഉദ്ഘാടനം

വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്(കെഎൽ 79) നാളെ(29) രാവിലെ 11ന് ഗതാഗതമന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. റവന്യൂമന്ത്രി ഇ.ചന്ദ്രശേഖരൻ അധ്യക്ഷതവഹിക്കും.

## കാഞ്ഞങ്ങാട് നഗരസഭ നവീകരിച്ച ഓഫീസ് ഉദ്ഘാടനം നാളെ

കാഞ്ഞങ്ങാട് നഗരസഭയുടെ നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ(29) രാവിലെ 10ന് വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ നിർവഹിക്കും. റവന്യൂവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ അധ്യക്ഷനാകും. പി.കരുണാകരൻ എം.പി മുഖ്യാതിഥിയാകും.

(തുടരും)

# ജില്ലാ നിർമ്മിതി കേന്ദ്രയിലേക്ക്

# ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ജില്ലാ നിർമ്മിതി കേന്ദ്രയിലേക്ക് വിവിധ ഒഴിവുകളിലേക്ക് നിയമനത്തിനായി യോഗ്യരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രോജക്ട് മാനേജർ, ഓഫീസ് എഞ്ചിനീയർ(സിവിൽ), പ്ലാനിംഗ് എഞ്ചിനീയർ(സിവിൽ),ജൂനിയർ എഞ്ചിനീയർ(സിവിൽ),ജൂനിയർ എഞ്ചിനീയർ(ഇലക്ട്രലിക്കൽ), ഡ്രാഫ്റ്റ്മാൻ(ആർക്കിടെക്ച്ചർ), അക്കൗണ്ടന്റ്/ക്ലർക്ക് എന്നി ഒഴിവിലേക്ക് നവംബർ 17നകം അപേക്ഷിക്കണം. അപേക്ഷകൾ ജില്ലാ നിർമ്മിതി കേന്ദ്ര, ആനന്ദാശ്രമം പി.ഒ, കാസർകോട്-671513. ഫോൺ: 0467 2202572. ഇമെയിൽ:-www.nirmithi.kerala.gov.in

# അധ്യാപിക ഒഴിവ്

ചെറുവത്തൂർ ജി.എഫ്.വി.എച്ച്.എസ് യു.പി.എസ്.എ താത്കാലിക ഒഴിവുണ്ട്.താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നാളെ(29) രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഓഫീസിൽ ഹാജരാകണമെന്ന് അറിയിച്ചു. ഫോൺ: 04672261470

# അധ്യാപക ഒഴിവ്

ഒടയംചാൽ കോടോത്ത് ഡോ.അംബേദ്കർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഹിസ്റ്ററി, കംപ്യൂട്ടർ ആപ്ലിക്കേഷൻ, കെമിസ്ട്രി, കൊമേഴ്സ്, സുവോളജി (ജൂനിയർ) അധ്യാപകരുടെ ഒഴിവുണ്ട്. കുടിക്കാഴ്ച 29നു 10നു നടക്കും.ഫോൺ 0467 2279500.

# ലാബ്ടെക്നീഷ്യൻ നിയമനം

അജാനൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ലാബിലേക്ക് ലാബ്ടെക്നീഷ്യനെ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ രണ്ടിന് രാവിലെ 10.00 ന് അജാനൂർ ഗ്രാമ പഞ്ചായത്ത്ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തിസമയത്ത് ഓഫീസുമായി ബന്ധപ്പെടണം.

# ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കും

കേരളാ ഗവണ്മെന്റ് നടത്തുന്ന സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ (എസ്.എസ്.പി.) ഭാഗമായി ജില്ലയിലെ ഗവ എയ്ഡഡ് കോളേജുകളിലെ ഇന്റേർണൽ മെന്റർസ് ആയി പ്രവർത്തിക്കുന്ന അധ്യാപകർക്ക് നവംബർ അഞ്ചിന് കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. പരിപാടി രാവിലെ 9.30 ന് നിലേശ്വരം മുൻസിപ്പൽ ചെയർമാൻ പ്രൊഫ കെ.പി. ജയരാജൻ ഉൽഘാടനം ചെയ്യും. കോളേജ് പ്രിൻസിപ്പൽ ഡോ. വിജയൻ അധ്യക്ഷത വഹിക്കും. തുടർന്ന് ഇന്റേർണൽ മെന്ററിങ്, ലീഡർഷിപ് തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ കൈകാര്യം ചെയ്യുമെന്ന് എസ്.എസ്.പി ജില്ലാ കോഓർഡിനേറ്റർ ഡോ. ശചീന്ദ്രൻ.വി അറിയിച്ചു ( ഫോൺ 9497292772).

# ഇന്റേൺ ട്രെയിനി നിയമനം

കാറഡുക്ക ഗ്രാമപഞ്ചായത്തിലേയ്ക്ക് ഇന്റേൺ ട്രെയിനിയെ നിയമിക്കുന്നതിന് ബി.ടെക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഒറിജിനൽ രേഖകൾ സഹിതം ഒക്ടോബർ 30 ന് രാവിലെ 10ന് മുളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാകണം.

# അധ്യാപക നിയമനം

ഉദുമ ഹയർസെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ കെമിസ്ട്രി(സീനിയർ),കൊമേഴ്സ്(സീനിയർ,ജൂനിയർ),മാത്ത മാറ്റിക്സ്(സീനിയർ),ബോട്ടണി(ജൂനിയർ),ഇംഗ്ലീഷ്(ജൂനിയർ), ഒഴിവുകളിലേക്കുള്ള ആധ്യാപക കൂടിക്കാഴ്ച

(തുടരും)

ഒക്ടോബർ 31 ന് രാവിലെ 10 ന് സ്കൂൾ ഓഫീസിൽ നടക്കും. അംഗഡിമൊഗർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ഇഗ്ലീഷ്(സീനിയർ )മലയാളം(ജൂനിയർ) കോമേഴ്സ് (സീനിയർ, ജൂനിയർ )പൊളിറ്റിക്കൽ സയൻസ് (ജൂനിയർ) അധ്യാപക ഒഴിവിലേക്ക് ഒക്ടോബർ 29ന് ഉച്ചക്ക് രണ്ടു മണിക്ക് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ച നടക്കും. ഫോൺ 04998 247522.

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ്

കേരള മനുഷ്യാവകാശ കമ്മീഷൻ അംഗം ജസ്റ്റിസ് കെ.മോഹൻ കുമാർ നവംബർ 15 ന് കാസർകോട് ഗവ. ഗസ്റ്റ്ഹൗസിൽ സിറ്റിംഗ് നടത്തും.

## അധ്യാപക ഒഴിവ്

ആലംപാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എച്ച, എസ്, എസ്, റ്റി ഇക്കണോമിക്സ് (സീനിയർ), എച്ച്.എസ്.എസ്.റ്റി കോമേർസ് (ജൂനിയർ) എന്നിവയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒഴിവുകളുണ്ട്. കൂടുക്കാഴ്ച നവംബർ 30 രാവിലെ 11 മണിക്ക് നടക്കും. താൽപര്യമുള്ള ഉദ്യോഗർത്ഥികൾ സംബന്ധിക്കുക. ഫോൺ. 04994 255750 (ഓഫീസ്), 9496211505( പ്രിൻസിപ്പാൾ)

## അധ്യാപക നിയമനം

കാസർകോട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ് പ്ലസ് ടു വിഭാഗത്തിൽ കൊമേഴ്സ് (സീനിയർ) ഒഴിവിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ അധ്യാപകനെ നിയമിക്കും. അഭിമുഖം നവംബർ ഒന്നിന് രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ നടക്കും.

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളജിലെ പ്രസൂതിതന്ത്ര, സ്വസ്ഥവൃത്ത വകുപ്പുകളിൽ ഒഴിവുള്ള അദ്ധ്യപക തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർനിയമനം നടത്തും. നവംബർ 27 ന് രാവിലെ 11 ന് പരിയാരത്തുള്ള കണ്ണൂർ ഗവൺമെന്റ് ആയൂർവേദ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും, ബയോഡാറ്റയും സഹിതം നവംബർ 27 രാവിലെ 11 ന് ഹാജരാകണം. നിയമനം ഒരു വർഷത്തേക്കോ സ്ഥിര നിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ.04972800167.

## അധ്യാപക ഒഴിവ്

കാറഡുക്ക ജി.വി.എച്ച്.എസിൽ അഗ്രീകൾച്ചർ (എ.ബി.എഫ്.എസ്) വിഷയത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ ഒരു ഒഴിവുണ്ട്. കൂടിക്കാഴ്ച നവംബർ അഞ്ചിന് രാവിലെ 11 ന് സ്കൂൾ ഓഫീസിൽ നടത്തും. യോഗ്യത: വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ, ബോട്ടണി വിഷയത്തിൽ ബിരുദം.

## അധ്യാപക നിയമനം

ബേത്തൂർപാറ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗം ഇംഗ്ലീഷ്, കൊമേഴ്സ് വിഷയങ്ങളിൽ സീനിയർ തസ്തികയിലുള്ള ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും. ഉദ്യോഗാർത്ഥികൾ ഒക്ടോബർ 30 ന് രാവിലെ 11 ന് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ചക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## അധ്യാപക ഒഴിവ്

പട്ല ഗവ.ഹയർസെക്കന്ററി സ്ക്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ കോമേഴ്സ് (സീനിയർ), ഇംഗ്ലീഷ് (സീനിയർ) കോമേഴ്സ് (ജൂനിയർ), സുവോളജി (ജൂനിയർ) എന്നീ അധ്യാപക തസ്തികകളിൽ

(തുടരും)

ഒഴിവുകളുണ്ട്. യോഗ്യരായ ഉദ്യോഗാര്‍ത്ഥികള്‍ അസല്‍ സര്‍ട്ടിഫിക്കറ്റുകള്‍ സഹിതം ഈ മാസം 30 ന് രാവിലെ 10 ന് അഭിമുഖത്തിന് ഹാജരാകണം. ഫോണ്‍. 9446413719.

## അധ്യാപക ഒഴിവ്

മൊഗ്രാല്‍ പുത്തൂര്‍ ഗവ.ഹയര്‍ സെക്കന്‍ഡറി സ്കൂളില്‍ ഹയര്‍ സെക്കന്‍ഡറി വിഭാഗത്തില്‍ കൊമേഴ്സ്, കമ്പ്യൂട്ടര്‍ സയന്‍സ്, പൊളിറ്റിക്കല്‍ സയന്‍സ്, അറബിക് (ജൂനിയര്‍) ഒഴിവുകളുണ്ട്. കൂടിക്കാഴ്ച നാളെ (29) ന് 2 മണിക്ക് സ്കൂള്‍ ഓഫീസില്‍ നടക്കും.

## പഞ്ചകര്‍മ്മ തെറാപ്പിസ്റ്റ് ഒഴിവ്

ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പ് മുഖേന വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികള്‍ നടപ്പലാക്കുന്നതിന്റെ ഭാഗമായി ദിവസവേതന വ്യവസ്ഥയില്‍ പഞ്ചകര്‍മ്മ തെറാപ്പിസ്റ്റ് (പെണ്‍) തസ്തികയില്‍ നിയമനം നടത്തും. യോഗ്യത-ഗവ.അംഗീകൃത ആയുര്‍വ്വേദ തെറാപ്പിസ്റ്റ് കോഴ്സ്, പ്രായം 18 മുതല്‍ 50 വരെ, അഭിമുഖം നവംബര്‍ 13 ന് രാവിലെ 11 ന്. നിര്‍ദ്ദിഷ്ട യോഗ്യതയുള്ളവര്‍ കാഞ്ഞങ്ങാട് മിനി സിവില്‍ സ്റ്റേഷനിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്ന കാസറകോട് ജില്ലാ മെഡിക്കല്‍ ഓഫീസില്‍ (ഐ.എസ്.എം), ബയോഡാറ്റാ, പ്രായം, വിദ്യാഭ്യാസ യോഗ്യതകള്‍ എന്നിവ തെളിയിക്കുന്ന അസ്സല്‍ സര്‍ട്ടിഫിക്കറ്റുകള്‍ സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോണ്‍. 04672 205710.

## തേനീച്ച വളര്‍ത്തല്‍ പരിശീലനം

കേരള കാര്‍ഷിക സര്‍വകലാശാല പിലിക്കോട് കേന്ദ്രത്തില്‍ നവംബര്‍ 11, 12 തീയതികളിലായിതേനീച്ച വളര്‍ത്തലില്‍ പരിശീലനം നല്‍കുന്നു. ഫോണ്‍ 8848219152.

(തുടരും)